## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1795** **10.02.2020-ൽ മറുപടിയ്ക്ക്**

### പെർമിറ്റില്ലാതെ സർവ്വീസ് നടത്തുന്ന ഓട്ടോറിക്ഷകൾ

| ചോദ്യം<br>ഡോ.എം. കെ. മുനീർ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രത്യേകിച്ച് തലസ്ഥാന നഗരിയിൽ വാടകയ്ക്ക് സർവ്വീസ് നടത്തുന്നതിന് എത്ര മൂന്ന വീലർ ഓട്ടോറിക്ഷകൾക്കാണ് നഗര പെർമിറ്റ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | 17609 എണ്ണം. |
| (ബി) | അനുവദിച്ചിട്ടുള്ള പെർമിറ്റുകളെക്കാൾ പതിന്മടങ്ങ് ഓട്ടോറിക്ഷകൾ തലസ്ഥാനനഗരി ഉൾപ്പെടെയുള്ള നഗരങ്ങളിൽ സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാതിരിക്കുന്നത് അന്തരീക്ഷ മലിനീകരണം വർദ്ധിക്കാനിടയാക്കും എന്ന കാര്യം പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; | (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യാപകമായ ചെക്കിംഗ് നടത്തി ഇത്തരത്തിലുള്ള ഓട്ടോറിക്ഷകളെ കണ്ടെത്തി ഇവയ്ക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇത്തരത്തിൽ പെർമിറ്റില്ലാതെയുള്ള ഡീസൽ ഓട്ടോറിക്ഷകൾ ഉൾപ്പെടെയുള്ള മൂന്ന വീലർ ഓട്ടോറിക്ഷകളുടെ ഓട്ടം നിയന്ത്രിക്കേണ്ടത് ആവശ്യമാണെന്ന് അഭിപ്രായമുണ്ടോ; എങ്കിൽ അത് എപ്രകാരം നടപ്പിലാക്കുമെന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ